

WEDNESDAY 29/10/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/10/2025

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും കാർഷിക വികസന കർഷകക്ഷേമ വകുപ്പും സംയുക്തമായി കൂൺ കൃഷി വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് അധികവരുമാനം പ്രദാനം ചെയ്യുന്നതിനുമായി നേമം നിയോജക മണ്ഡലത്തിനു കീഴിൽ കൂൺഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ചെറുകിട കൂൺ ഉത്പാദക യൂണിറ്റുകൾ, വാണിജ്യാടിസ്ഥാനത്തിലുള്ള കൂൺ ഉത്പാദക യൂണിറ്റുകൾ, കൂൺവിത്ത് ഉത്പാദക യൂണിറ്റ്, കമ്പോസ്റ്റ് യൂണിറ്റുകൾ, പാക്ക് ഹൗസുകൾ, പ്രിസർവേഷൻ യൂണിറ്റുകൾ, പരിശീലന പരിപാടികൾ മുതലായവ കൂൺഗ്രാമം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (2025 ഒക്ടോബർ 29 ന്) രാവിലെ 10 മണിക്ക് പാപ്പനംകോട് ദർശന ആഡിറ്റോറിയത്തിൽ വെച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു. തുടർന്ന്, കൂൺകൃഷി പരിശീലനം, അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് കർഷകർക്ക് ലഭ്യമാക്കുന്ന വിവിധ വായ്പകളെ സംബന്ധിച്ചുള്ള ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. സംസ്ഥാന മൃഗസംരക്ഷണ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് മുനിസിപ്പാലിറ്റി എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായിട്ടുള്ള **പോർട്ടബിൾ എ ബി സി സെന്റർ** പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നെടുമങ്ങാട് ടൗൺ ഹാളിൽ വച്ച് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഇന്ന് (2025 ഒക്ടോബർ 29-ന്) ഉച്ചക്ക് 12-മണിക്ക് നിർവഹിക്കുന്നു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ അധ്യക്ഷനാകുന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് എ ബി സി യൂണിറ്റിന്റെ താക്കോൽ കൈമാറ്റം നിർവഹിക്കും. ആറ്റിങ്ങൽ എം പി അടൂർ പ്രകാശ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ്കുമാർ തുടങ്ങിയ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. സംസ്ഥാനത്ത് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള 19 എബിസി കേന്ദ്രങ്ങളിലാണ് അടിസ്ഥാനസൗകര്യം നിലവിലുള്ളത്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പുതിയ

കേന്ദ്രങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. പൊതുജനങ്ങളുടെ എതിർപ്പ് മൂലം പല ജില്ലകളിലും പുതിയ കേന്ദ്രങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് എബിസി റൂൾസ് പ്രകാരം ഉള്ള പോർട്ടബിൾ എബിസി യൂണിറ്റ് സംവിധാനങ്ങൾ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ 2025 – 26 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ 200 ലക്ഷം രൂപ മറ്റു ജില്ലകളിൽകൂടി പോർട്ടബിൾ എബിസി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

3. റബ്ബർ ഉത്പന്ന നിർമാണമേഖലയിൽ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുമായി സംരംഭകരെ സഹായിക്കുന്നതിന് ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിൽആരംഭിച്ച റബ്ബർ പ്രൊഡക്ട്സ് ഇൻക്യുബേഷൻ സെന്ററിന്റെ (ആർപിഐസി) പ്രവർത്തനങ്ങളെക്കുറിച്ചറിയാനും റബ്ബർ ഉത്പന്നനിർമാണവുമായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി 0481 2576622 എന്ന കോൾസെന്റർ നമ്പരിൽ വിളിക്കാവുന്നതാണ്. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (2025 ഒക്ടോബർ 29 ബുധനാഴ്ച) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സീനിയർ സയിന്റിസ്റ്റ് ഡോ. ഷേറ മാത്യു ഫോണിലൂടെ മറുപടി നൽകും.

## പരിശീലന പരിപാടി

4. വെള്ളായണി കാർഷിക കോളേജിലെ ആഭിമുഖ്യത്തിൽ ഒക്ടോബർ 30, വ്യാഴാഴ്ച നടത്തുന്ന **"ന്യൂട്രി-ധാന്യങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനവും"** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

5. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 10 മുതൽ 14 വരെ **"ശാസ്ത്രീയമായ പശുപരിപാലനം"** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 7- ാ ം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 - 2440911. മേൽവിലാസം- ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പാലസ് .പി.ഒ., തിരുവനന്തപുരം - 695004. ഇമെയിൽ principaldtctvm@gmail.com

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. പത്തനംതിട്ട ജില്ലയിലെ മഞ്ഞാടി ഡക്ക് ഹാച്ചറി & ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2025 ഒക്ടോബർ 29,30 തീയതികളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ "**പന്നി വളർത്തൽ**" എന്ന വിഷയത്തിൽ 2 ദിവസത്തെ സൗജന്യ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0469-2965535 .

7. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 12, 13 തീയതികളിൽ ക്ഷീര സഹകരണ സംഘം "**ഭരണ സമിതി അംഗങ്ങൾക്കുള്ള പരിശീലനം**" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 11ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം പാലസ്. പി.ഒ., തിരുവനന്തപുരം 695004. ഇമെയിൽ principaldtctvm@gmail.com

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി **"സുരക്ഷിതമായ പാലുൽപ്പാദനം"** എന്ന വിഷയത്തെ ആസ്പദമാക്കി 31.10.2025 മുതൽ 01.11.2025 വരെ രണ്ട് ദിവസത്തെ കർഷക പരിശീലനം നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447305100, 9496332048, 04734299869, 8304948553 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് സന്ദേശം വഴിയോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **"പശു വളർത്തൽ "** എന്ന വിഷയത്തിൽ ഇന്നു (29/10/2025) മുതൽ 30/10/2025 വരെ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൌജന്യമായി ദ്വിദിന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0491– 2815454. ആധാർ കാർഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.